ഭരണഭാഷ -മാതൃഭാഷ

## കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

**(ഹാജർ: ശ്രീ.എ.അജയകുമാർ)**

വിഷയം- ഇൻഷ്വ – എസ്റ്റാ - താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്ന് എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് തസ്തികമാറ്റ നിയമനം – ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന-
1. 03.01.2014-ലെ സർക്കാരിന്റെ (പി) നം.1/14/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 19.7.2014-ലെ സർക്കാരിന്റെ (പി) നം.21/14/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
3. 28.5.2015-ലെ സർക്കാരിന്റെ (പി) നം.16/2015/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
4. 31.12.2014 തീയതി മുതൽ പ്രാബല്യത്തിലുള്ള വകുപ്പിന്റെ സീനിയോറിറ്റി ലിസ്റ്റ്.
5. ശ്രീമതി സിന്ധു.കെ, ക്ലെറിക്കൽ അസിസ്റ്റന്റിന്റെ 4.6.2015-ലെ അപേക്ഷ.
6. ശ്രീ. കൃഷ്ണകുമാർ.ജി, ഓഫീസ് അറ്റൻഡന്റിന്റെ 10.6.2015-ലെ അപേക്ഷ.
7. ഉത്തരവ് നം.ഇൻഷ്വ/എസ്റ്റാ/ഇ 6/4822/11 തീയതി 17.6.2015.

---------------------

താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നുള്ള തസ്തികമാറ്റ നിയമനത്തിന് ജില്ലാ/മേഖല തലത്തിൽ എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ 10% തസ്തികകൾ മാറ്റി വയ്ക്കാൻ കഴിയാത്ത വകുപ്പുകളിൽ സംസ്ഥാന തലത്തിൽ എൽ.ഡി.ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ 10% ഇപ്രകാരമുള്ള നിയമനത്തിനായി മാറ്റിവയ്ക്കാൻ പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പരാമർശം 4 പ്രകാരം യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ വകുപ്പിലെ ക്ലെറിക്കൽ അസിസ്റ്റന്റായ ശ്രീമതി കെ.സിന്ധുവിനെയും വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ജി.കൃഷ്ണകുമാറിനെയും യഥാക്രമം ക്ലർക്കിന്റെയും എൽ.ഡി.ടൈപ്പിസ്റ്റിന്റെയും വകുപ്പിൽ നിലവിലുള്ള ഒഴിവുകളിൽ പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം നിയമനം നൽകാവുന്നതായി കാണുന്നു.

## ഉത്തരവ് നം.ഇൻഷ്വ/എസ്റ്റാ/ഇ 6/10071/14 തീയതി 17.06.2015

മേൽപറഞ്ഞ സാഹചര്യത്തിൽ വകുപ്പിലെ ക്ലെറിക്കൽ അസിസ്റ്റന്റ് ശ്രീമതി കെ.സിന്ധുവിനെ 9940-16580/-രൂപ ശമ്പള സ്കെയിലിൽ ക്ലാർക്കായി തസ്തികമാറ്റ നിയമനം നൽകി ആലപ്പുഴ ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ നിലവിലുള്ള ടെമ്പററി പോസ്റ്റ് ഷിഫ്റ്റിംഗ് ഒഴിവിൽ താല്ക്കാലികമായി നിയമിച്ച് ഉത്തരവാകുന്നു.

വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ജി.കൃഷ്ണകുമാറിനെ 9940-16580/-രൂപ ശമ്പളസ്കെയിലിൽ എൽ.ഡി.ടൈപ്പിസ്റ്റായി തസ്തികമാറ്റ നിയമനം നൽകി ഇൻഷ്വറൻസ് ഡയറക്ടറുടെ ഓഫീസിൽ നിയമിക്കുന്നു.

(മറുപുറം)

ടി തസ്തികമാറ്റ നിയമനങ്ങൾ ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ഇപ്രകാരം തസ്തികമാറ്റ നിയമനം ലഭിച്ചിട്ടുള്ളവർ ഒരു മാസത്തിനുള്ളിൽ അവരുടെ ശമ്പള നിർണ്ണയത്തിനുള്ള ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-
ഇൻഷ്വറൻസ് ഡയറക്ടർ

ടി ജീവനക്കാർക്ക്.

പകർപ്പ്-

1. ഡെപ്യൂട്ടി ഡയറക്ടർ 1.
2. അസിസ്റ്റന്റ് ഡയറക്ടർ 1 & 2.
3. അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ഐ.ഡി - മറ്റു നടപടികൾക്കായി.
4. ജില്ലാ/സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം, ആലപ്പുഴ.
5. ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, ആലപ്പുഴ.
6. സേവന പുസ്തകം.
7. ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.
8. സീനിയർ/ജൂനിയർ സൂപ്രണ്ട്, എസ്റ്റാബ്ലിഷ്മെന്റ്, റിക്കാർഡ്, അക്കൗണ്ട്സ്, ഐ.റ്റി.വിംഗ്.
9. ഫെയർ കോപ്പി സൂപ്രണ്ട് 1, 2.
10. ആഫീസ് പകർപ്പ്.
11. സൂക്ഷിപ്പ് ഫയൽ.

അംഗീകാരത്തോടെ,

സെക്ഷൻ സൂപ്രണ്ട്.

ജെവിഎസ്/18.6.15